# അനുതപിച്ച് മടങ്ങിവരിക

## ഹോശേയ 14:1

**"യിസ്രായേലേ, നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു മടങ്ങിച്ചെല്ലുക; നിന്റെ അകൃത്യം നിമിത്തമല്ലോ നീ വീണിരിക്കുന്നതു."**

യിസ്രായേലിന്റെ പാപാവസ്ഥകളെ കുറിച്ച് വളരെ വേറിട്ട രീതിയിൽ പ്രസ്താവിക്കുവാൻ ദൈവം ഹോശേയാ പ്രവാചകനിലൂടെ പ്രവൃത്തിക്കുന്നതായി നമുക്കിവിടെ കാണാം. അദ്ധ്യായം ഒന്ന് തുടങ്ങി പതിനാല് അദ്ധ്യായങ്ങളുള്ള ഈ പ്രവചന പുസ്തകത്തിൽ ആകമാനം പരാമർശിച്ചിരിക്കുന്നതും അതു തന്നെയാണ്. എന്നാൽ പലയിടങ്ങളിലും ദൈവത്തിനു യിസ്രായേലിന്മേലുള്ള സ്നേഹവും, മമതയും ഒക്കെ പ്രകടമാക്കപ്പെടുന്നുണ്ട്. നാം മേൽവായിച്ച വാക്യത്തിൽ പ്രവാചകൻ ദൈവത്തിൽ നിന്നു പ്രാപിച്ച അരുളപ്പാടിനനുസരിച്ച് സ്നേഹരൂപേണ യിസ്രായേലിനെ ഉപദേശിക്കുകയാണ് 'നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് മടങ്ങിച്ചെല്ലുക' എന്ന്. ഒരുപക്ഷെ ഈ കാലഘട്ടവുമായി നാം ഈ വാക്യത്തെ താരതമ്യം ചെയ്താൽ, മാതാപിതാക്കളോട് പിണങ്ങി വീടുവിട്ടു പോയ ഒരു മകനെ, അല്ലെങ്കിൽ മകളെ, അവരുടെ കുടുംബവുമായി അടുപ്പമുള്ള ആരെങ്കിലും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി, അവർ ചെയ്തു പോയതു തെറ്റാണെന്നു ബോധ്യപ്പെടുത്തി, അവരെ തങ്ങളുടെ മാതാപിതാക്കളുടെ അടുത്തേക്ക് പറഞ്ഞയക്കുന്ന ഒരു സന്ദർഭവുമായി സാമ്യപ്പെടുത്താം. അത്തരത്തിൽ പിതാവാം ദൈവത്തിൽ നിന്നകന്നു പോയ യിസ്രായേൽ മക്കളെ, തിരികെ കൊണ്ടുവരാൻ ഹോശേയ അവരെ പറഞ്ഞു മനസ്സിലാക്കുകയാണ്, 'നിന്റെ അകൃത്യം നിമിത്തമാണ് നിങ്ങൾ വീണിരിക്കുന്നത്' എന്ന്.

എന്നാൽ വാക്യം രണ്ടിൽ ഈ സ്നേഹനിധിയായ ദൈവത്തോട് നിരപ്പാകുവാനുള്ള ഒരു ഉപാധി പ്രവാചകൻ പറഞ്ഞു കൊടുക്കുന്നുമുണ്ട്. അതിപ്രകാരമാണ്, ഒന്നാമതായി നിങ്ങൾ അനുതാപ വാക്യങ്ങളോടെ യഹോവയുടെ സന്നിധിയിൽ മടങ്ങിച്ചെല്ലണം. ഒരു പാപിയുടെ യഥാർത്ഥമായ മാനസാന്തരത്തിൽ അനുതാപം ഒഴിവാക്കാൻ പാടില്ലാത്ത സംഗതിയാണ്. നമ്മുടെ പാപങ്ങളേയും, പാപസ്വഭാവങ്ങളേയും, കർത്താവിന്റെ സന്നിധിയിൽ അനുതാപത്തോടെ ഏറ്റു പറയുന്ന തലത്തിലേക്ക് നാം ആയില്ലെങ്കിൽ നമ്മുടെ മാനസാന്തരം വ്യർത്ഥമാണ് എന്നു തിരിച്ചറിയുക. പ്രിയരേ, സകലപാപത്തേയും പോക്കുവാൻ, കാൽവറിയിൽ യാഗമായ കർത്താവിന്റെ പുണ്യാഹരക്തം നമുക്ക് എന്നും എപ്പോഴും ലഭ്യമാണ്. **1 യോഹന്നാൻ 1:9** ൽ ഇപ്രകാരം പറയുന്നു, 'നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി

നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.' രണ്ടാമത്തെ കാര്യം, അവനുമായി ഒരു ഉടമ്പടി ഉണ്ടാക്കുക. ഇവിടെ പറയുന്നു, 'സകല അകൃത്യത്തെയും ക്ഷമിച്ചു, ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ; എന്നാൽ ഞങ്ങൾ ഞങ്ങളുടെ അധരാർപ്പണമായ കാളകളെ അർപ്പിക്കും.' തങ്ങളുടെ പാപങ്ങളെ ക്ഷമിച്ച് തന്റെ സന്നിധിയിലേക്ക് ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പിതാവാം ദൈവത്തിനു തക്ക മഹത്വം കൊടുത്തുകൊണ്ട് ആരാധനകളെ കഴിക്കും എന്ന് ഒരു ഉടമ്പടി ചെയ്വാൻ പ്രവാചകൻ ഇവിടെ യിസ്രായേലിനോട് ആവശ്യപ്പെടുന്നു.

പ്രിയ ദൈവപൈതലേ, ദൈവവുമായി ഇങ്ങനെ ഒരു ഉടമ്പടി നാം ചെയ്തിട്ടുണ്ടോ എന്ന് ഒന്ന് ശോധന ചെയ്തു നോക്കുക. നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് അവന്റെ സന്നിധിയിൽ കർത്താവിന്റെ പുണ്യാഹരക്തത്താൽ കഴുകൽ പ്രാപിച്ച്, ദൈവ നീതിയിൽ അനുദിനം ശുദ്ധീകരണം പ്രാപിച്ചു കൊണ്ടിരിക്കുന്നവരാണെന്ന് വരികിൽ തന്നെയും, ദൈവവുമായി വാസ്തവത്തിലുള്ള നമ്മുടെ ബന്ധം എന്താണ്?. വചനം പറയുന്നു, നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും, പൂർണ്ണ ആത്മാവോടും കൂടി ആരാധിക്കണം. ഇത് എപ്രകാരം നമുക്ക് സാധിക്കും? അവിടെയാണ് പൗലോസിന്റെ വാക്കുകൾ അന്വർത്ഥമാകുന്നത്. റോമർ 12:1 ൽ ഇപ്രകാരം പറയുന്നു, 'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ' എന്ന്. നാം നമ്മുടെ പാപാവസ്ഥകളെ വിട്ടു തിരിഞ്ഞ് വാസ്തവത്തിൽ ഒരു മാനസാന്തരത്തിന്റെ അനുഭവത്തിൽ ദൈവസന്നിധിയിലേക്ക് വരുവാൻ ആഗ്രഹിക്കുന്നവരാണെങ്കിൽ, അനുതാപത്തോടെ അവന്റെ സന്നിധിയിലേക്ക് മടങ്ങി വന്ന് അവനോട് നമ്മുടെ തെറ്റുകൾ ഏറ്റുപറഞ്ഞ് അവനുമായി ഒരു ഉടമ്പടി ബന്ധത്തിൽ ആയിത്തീരാം, അത് ഇന്നു തുടങ്ങി ചില ദിവസങ്ങൾക്കു ശേഷം നിലച്ചു പോകുന്നതല്ല, മറിച്ച് നിത്യതയോളം അവനുമായി വാഴുന്ന അനുഭവത്തിൽ ആയിത്തീരുവാൻ ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

ഹോശേയ 5:15

അവർ കുറ്റം ഏറ്റുപറഞ്ഞു എന്റെ മുഖം അന്വേഷിക്കുവോളം ഞാൻ മടങ്ങിപ്പോയി എന്റെ സ്ഥലത്തു ഇരിക്കും; കഷ്ടതയിൽ അവർ എന്നെ ജാഗ്രതയോടെ അന്വേഷിക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 183